File No.DMA2/344/2021-DMD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 - നിർവ്യാപന/ പ്രതിരോധ പ്രവർത്തനങ്ങൾ - സംസ്ഥാന/കേന്ദ്ര സർക്കാർ ഓഫീസുകളുടെ പ്രവർത്തനം - മാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.452/2021/DMD തീയതി,തിരുവനന്തപുരം, 03/06/2021

---

പരാമർശം:- 1. സ.ഉ(സാധാ)നം.814/2020/ഡി.എം.ഡി തീയതി 14.10.2020.

2. സ.ഉ(സാധാ)നം.964/2020/ഡി.എം.ഡി തീയതി 10.12.2020.

3. സ.ഉ(സാധാ)നം.448/2021/ഡി.എം.ഡി തീയതി 31.05.2021.

ഉത്തരവ്

കോവിഡ് രണ്ടാം തരംഗം കൂടുതൽ അപകടകാരമായതിനാലും വാക്സിൻ എടുത്തവർക്കും രോഗം വരുന്ന സാഹചര്യം പരിഗണിച്ചും കോവിഡ് 19 നിർവ്യാപന/ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര/സംസ്ഥാന സർക്കാർ ഓഫീസുകളുടെയും, പൊതു മേഖലാ സ്ഥാപനങ്ങളുടെയും, അർദ്ധ സർക്കാർ സ്ഥാപനങ്ങളുടേയും, മറ്റ് സർക്കാർ സ്ഥാപനങ്ങളുടെയും പ്രവർത്തനം സംബന്ധിച്ച് താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

2) ഭിന്നശേഷിക്കാർ, ഗുരുതര രോഗ ബാധിതർ, ഓട്ടിസം, സെറിബ്രൽ പാൾസി, മറ്റ് മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾ, ഗർഭിണികൾ, അവയവ മാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാവാൻ പോകുന്നവർ/ വിധേയമായവർ (ഹൃദയ വാൽവ് മാറ്റി വയ്ക്കപ്പെട്ടവർ ഉൾപ്പെടെ), ഒരു മാസത്തിന് മുമ്പ് ഗുരുതരമായ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ളവരും വിധേയരാകാൻ പോകുന്നവരുമായ രോഗികൾക്ക് ശസ്ത്രക്രിയ കഴിഞ്ഞ് പരമാവധി ഒരു മാസത്തേയ്ക്കും, ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുന്ന ജീവനക്കാരെയും ഓഫീസിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കാവുന്നതാണ്.

3) ഇവരുടെ സാഹചര്യം വിലയിരുത്തി ഇവർക്ക് വർക്ക് ഫ്രം ഹോം രീതിയിൽ ജോലി തുടരാനുള്ള സൗകര്യം അതാത് മേലുദ്യോഗസ്ഥൻമാർ നൽകേണ്ടതും വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ ജോലിചെയ്യാൻ സൗകര്യം ലഭ്യമല്ലാത്ത ജീവനക്കാരുടെ കാര്യത്തിൽ വ്യക്തഗത അപേക്ഷകൾ പരിശോധിച്ചും സാഹചര്യങ്ങൾ വിലയിരുത്തിയും ബന്ധപ്പെട്ട മേലധികാരിയ്ക്ക് യുക്തമായ തീരുമാനം കൈക്കോളളാവുന്നതാണ്. അവർ ഓഫിസിൽ ഹാജരാകാതിരുന്ന തീയതികൾ പ്രത്യേക കാഷൽ ലീവ് ആയി കണക്കാക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ .എ .ജയതിലക് ഐ.എ.എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,

Scanned with CamScanner

സെക്രട്ടറിമാർക്കും
കമ്മീഷണർ, ലാന്റ് റവന്യൂ & ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാകളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
പകർപ്പ്:-
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം
Digitally signed by
JAYACHANDRAN K P
Date:Thu Jun 03 16:09:43 IST
2021
Reason: സെക്ഷൻ ഓഫീസർ

Scanned with CamScanner